# തീരദേശമേഖലയിലെ വനിതാ സ്വാശ്രയ സംഘങ്ങൾ

**ഡോ. വിപിൻകുമാർ വി. പി.**
കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി - 18

10

കേരളത്തിന്റെ സാമൂഹ്യവികസനത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കാൻ കെല്പുള്ളതും ജനപങ്കാളിത്തത്തിൽ അധിഷ്ഠിതവുമായ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഗ്രാമതല പ്രാഥമിക ജനകീയവേദി എന്നു പറയുന്നത് ഗ്രാമസഭകളാണ്. ജനകീയ സ്വഭാവമുള്ള ഗ്രാമസഭകളിലൂടെ സംസ്ഥാനത്തിന്റെ വികസന പന്ഥാവിൽ ഇദപര്യന്തം ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുള്ളതിൽ വച്ച് താരതമ്യേന ബൃഹത്തായ വികേന്ദ്രീകൃത വികസനത്തിൽ സർവ്വാത്മനാ പങ്കാളികളായിക്കൊണ്ട് വനിതാശാക്തീകരണത്തിന്റെ ഉത്തമ മാതൃകകളായി മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. കാരണം വിശാലമായ കാഴ്ചപ്പാടോടെ തീരദേശവികസനം സുസാദ്ധ്യമാക്കിക്കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ സുഗമമായി ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്താവുന്ന സുതാര്യമായ ഉപാധിയാണ് ശാക്തീകരിക്കപ്പെട്ട വനിതാ സ്വയം സഹായ സംഘങ്ങൾ അഥവാ സ്വാശ്രയസംഘങ്ങൾ. മത്സ്യമേഖലയുടെ വികസനത്തിന് ഉപോൽബലകമായ ഒരു പശ്ചാത്തലം ഉണ്ടാക്കിയെടുക്കാൻ സ്ത്രീസ്വാശ്രയസംഘങ്ങൾക്ക് സുപ്രധാനമായ ഒരു പങ്ക് വഹിക്കാൻ സാധിക്കും.

വികസനം എന്ന പദം കൊണ്ടുദ്ദേശിക്കുന്നത് സമൂഹത്തിന്റെ താഴേക്കിടയിലുള്ള ദരിദ്രരിൽ ദരിദ്രരായ ജനവിഭാഗത്തിന്റെ ജീവിതനിലവാരത്തിലുള്ള മുന്നേറ്റവും ഉന്നമനവുമാണ്. നാനാമുഖമായ സാമൂഹ്യവികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും സ്ത്രീപങ്കാളിത്തം വർദ്ധിച്ചാൽ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളൂ. കേരളത്തിൽ മത്സ്യമേഖലയെ സംബന്ധിച്ചിടത്തോളം വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള വികസന റിപ്പോർട്ടുകളിലെല്ലാം സ്ത്രീകളുടെ തൊഴിലില്ലായ്മ, ചൂഷണം, തൊഴിൽപരമായ വിവേചനം, അദൃശ്യ ജോലിഭാരം, വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥ, സാമ്പത്തിക പ്രശ്നങ്ങൾ, ഋണബാദ്ധ്യത, സാമൂഹിക അരക്ഷിതത്വം, സംഘടിത പ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയവ പരാമർശ വിധേയമായിട്ടുണ്ട്. പ്രാദേശിക പദ്ധതിയാസൂത്രണത്തിൽ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്താനുതകുന്ന പരിപാടികൾ ആവിഷ്കരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്.

ഇപ്രകാരം സ്ത്രീപങ്കാളിത്തം തീരദേശ വികസനത്തിൽ ഉറപ്പു വരുത്തിക്കൊണ്ട് പടിപടിയായി ബൃഹത്തായ ഒരു ലക്ഷ്യം മുന്നിൽക്കണ്ട്, സുദൃഢമായ രൂപരേഖകളോടെ നടപ്പിൽ വരുത്തേണ്ട വനിതാശക്തീകരണ പ്രക്രിയയ്ക്കായി ചില സുപ്രധാന കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടത് അത്യാവശ്യമാണ്.

- വികസന പ്രക്രിയയിൽ സ്ത്രീകളുടെ അവബോധം വളർത്തിയെടുക്കാനുള്ള ഊർജ്ജിത

ബോധവൽക്കരണം.

- സ്ത്രീകളുടെ സമീപന രീതിയിലുള്ള മാറ്റം.
- തീരദേശവികസന പദ്ധതികളിൽ വനിതകളുടെ സജീവ പങ്കാളിത്തം.
- സ്ത്രീകളുടെ സംഘാടനപാടവം
- സ്ത്രീകൾക്ക് ഉത്തരവാദിത്തപരമായ തീരുമാനങ്ങളെടുക്കാനും അവലോകന നിയന്ത്രണ ചുമതലകൾ ഏറ്റ് എടുക്കാനുമുള്ള പ്രാപ്തി.
- തീരദേശ വനിതകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള മാർഗ്ഗങ്ങൾ
- നയരൂപീകരണത്തിലും തീരുമാനമെടുക്കൽ പ്രക്രിയയിലും തീരദേശ വനിതകളുടെ പങ്കുചേരൽ
- സ്ത്രീപുരുഷ സമത്വത്തിനു പ്രാധാന്യം നൽകുന്ന സാമൂഹ്യസാംസ്കാരിക പരിവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം.

ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ള സമഗ്രമായ ദാരിദ്ര്യ നിർമ്മാജ്ജന പദ്ധതികളിൽ തീരദേശവനിതകളെ സ്വാശ്രയസംഘങ്ങളിലൂടെ ശാക്തീകരിച്ച് ദാരിദ്ര്യത്തിന്റെ സമസ്തഭാവങ്ങളെയും ഉച്ചാടനം ചെയ്യാൻ കഴിയണം. ഇത് സുസാദ്ധ്യമാക്കാനുള്ള അത്യന്താപേക്ഷിതമായ വസ്തുത സ്ത്രീകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുക എന്നതു തന്നെയാണ്.

മത്സ്യമേഖലയിൽ സമ്പാദ്യശീലമില്ലാത്തതു കൊണ്ട് പൊതുവെ ദരിദ്രരായ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കിട്ടുന്ന പണം മുഴുവൻ ചെലവായിപ്പോവുന്നു. നാളേയ്ക്ക് വേണ്ടി ഒന്നും മിച്ചം വയ്ക്കാൻ കഴിയാറില്ല. ഒരു ദിവസം പണിയില്ലെങ്കിൽ ചിലപ്പോൾ കുടുംബം പട്ടിണിയിലാകും. അസുഖം വന്ന് കുറച്ച് ദിവസം കിടപ്പിലായാൽ ചികിത്സയ്ക്കും ഭക്ഷണത്തിനും വട്ടിപ്പലിശക്കാരനെ ആശ്രയിക്കേണ്ടി വരുന്നു. കടക്കെണിയിലായാൽ പണിയെടുത്തു കിട്ടുന്നതിന്റെ നല്ലൊരു ഭാഗം പലിശയിനത്തിൽ ചെലവാകും. പലിശ മുടങ്ങിയാൽ അത് വളർന്നു കടം വാങ്ങിയ തുകയെക്കാൾ വലുതാകും. ചിലപ്പോൾ ഈ കടം വരും തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നു. ഔപചാരിക ധനകാര്യസ്ഥാപനങ്ങൾ പാവങ്ങൾക്ക് ഇന്നും അപ്രാപ്യമാണ്.

ദരിദ്രർക്ക് സമ്പാദിക്കാൻ താൽപര്യമുണ്ടെങ്കിൽ പോലും പലപ്പോഴും അതിനുള്ള സൗകര്യക്കുറവ് തടസ്സമാവുകയാണ്. മിച്ചം വയ്ക്കാൻ താൽപര്യമുണ്ടായാൽ പോലും അത് ബാങ്കുകളിൽ നിക്ഷേപിക്കാൻ കടമ്പകൾ കടക്കണം. അക്കൗണ്ട് തുടങ്ങാൻ അതേ ബാങ്കിൽ അക്കൗണ്ടുള്ള മറ്റൊരാൾ പരിചയപ്പെടുത്തണം. ആളെ തിരിച്ചറിയാനുള്ള രേഖകളും ഫോട്ടോയും വേണം. അതുപോലെ ബാങ്ക് നിശ്ചയിച്ചിട്ടുള്ള ഒരു തുകയും അക്കൗണ്ട് തുറക്കാൻ ആവശ്യമാണ്. ഇവയ്ക്കെല്ലാം പുറമെ അക്കൗണ്ട് തുടങ്ങുന്നതിനായി ഒരു ദിവസത്തെ പണിയും നഷ്ടപ്പെടുത്തേണ്ടി വരും. ഇവിടെയാണ് സ്വാശ്രയസംഘങ്ങളിലെ ലഘുനിക്ഷേപങ്ങളുടെ (ത്രിഫ്റ്റ്) പ്രസക്തി.

സമ്പാദ്യം അഥവാ സേവിംഗ്സും ലഘുനിക്ഷേപം അഥവാ ത്രിഫ്റ്റും തമ്മിൽ വ്യത്യാസങ്ങളുണ്ട്. വരവിൽ നിന്നും ചെലവ് കഴിഞ്ഞ് മിച്ചം വരുന്ന തുകയെ ആണ് സമ്പാദ്യം എന്നു പറയുന്നത്.

എന്നാൽ തുച്ഛമായ വരുമാനക്കാർക്ക് വരവിനെക്കാൾ കൂടുതൽ ചെലവാണ്. അതിനാൽ ഇങ്ങനെയുള്ള സമ്പാദ്യം വളരെ കുറവായിരിക്കും. ലഘുനിക്ഷേപം എന്നത് ചെലവിലൊരിനമായി മാറ്റി വയ്ക്കുന്ന കൊച്ചു കൊച്ചു തുകകളാണ്. ഇതു സത്യത്തിൽ മിച്ചം വയ്ക്കുന്നതല്ല. മറിച്ച്, ഇത് പിടിച്ചു വയ്ക്കലാണ്. പണ്ടുകാലത്തെ പിടിയരി സമ്പ്രദായം പോലെ. പാചകത്തിനായി അളന്ന് മാറ്റി വച്ചിട്ടുള്ള അരിയിൽ നിന്നും ഒരു പിടി അരി പ്രത്യേകം മാറ്റി സൂക്ഷിച്ച്, പിന്നീട് ഈ അരി പഞ്ഞമാസങ്ങളിൽ ഉപയോഗിച്ചിരുന്നത്

പോലെയാണ് ഇതും.

കുറച്ച് മത്സ്യത്തൊഴിലാളി സ്ത്രീകൾ കൂട്ടു ചേർന്ന് സംഘമായാൽ ആഴ്ചയിലൊരിക്കൽ കൂടുന്ന സംഘയോഗങ്ങളിൽ അംഗങ്ങൾ മിച്ചം വയ്ക്കുന്ന ഒരു നിശ്ചിത തുക ശേഖരിച്ച്, ഇങ്ങനെ സ്വരൂപിക്കുന്ന പണം കഴിയുമെങ്കിൽ അന്നു തന്നെ, അല്ലെങ്കിൽ അടുത്ത ദിവസം കൂട്ടായ അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കാം. കാലക്രമത്തിൽ ഈ ലഘുനിക്ഷേപങ്ങൾ വളർന്നു നല്ലൊരു തുകയാവുന്നു. ഉദാഹരണമായി 25 അംഗങ്ങളുള്ള ഒരു സ്വാശ്രയസംഘം ആഴ്ചയിൽ പത്തു രൂപാ വീതം ലഘുനിക്ഷേപമായി ശേഖരിച്ചാൽ 250 രൂപയായി. ഒരു മാസം കൊണ്ട് ആയിരവും ആറുമാസം കൊണ്ട് ആറായിരവും രൂപയായി. ത്രിഫ്റ്റ് ശേഖരണം സംഘാംഗങ്ങളിൽ മിതവ്യയശീലമുണ്ടാക്കുന്നതു കൊണ്ടുതന്നെ സാമ്പത്തിക അച്ചടക്കം ക്ഷിപ്രസാദ്ധ്യമാകുന്നു.

ലഘുനിക്ഷേപം തുടങ്ങി ആദ്യത്തെ ആറുമാസം വായ്പകൾ ഒഴിവാക്കുന്നതാണ് നല്ലത്. ആറുമാസത്തിനുശേഷം അംഗങ്ങൾക്ക് അത്യാവശ്യ ചെലവുകൾക്കായി ത്രിഫ്റ്റിൽ നിന്നും വായ്പ നൽകി തുടങ്ങാം. വായ്പയ്ക്കുള്ള മാനദണ്ഡങ്ങൾ സംഘം തന്നെ തീരുമാനിക്കും. അംഗങ്ങൾ പരസ്പരം അറിയുന്നതുകൊണ്ട് ആവശ്യങ്ങളുടെ സ്വഭാവമനുസരിച്ച് മുൻഗണന നൽകാൻ കഴിയുന്നതിനു പുറമേ രാപകൽ വ്യത്യാസമില്ലാതെ അത്യാവശ്യങ്ങൾക്ക് എപ്പോഴും പ്രയോജനപ്പെടുന്നരീതിയിൽ 24 മണിക്കൂറും പ്രവർത്തനക്ഷമമായ വീട്ടുമുറ്റത്തെ അനൗപചാരിക ബാങ്കായി ലഘുനിക്ഷേപ സംഘങ്ങൾ അറിയപ്പെടുന്നു. വായ്പയുടെ സമയപരിധിയും പലിശയും അംഗങ്ങൾ തന്നെ തീരുമാനിക്കുന്നു. ഇപ്രകാരം അംഗങ്ങളുടെ പ്രശ്നങ്ങൾ കൂട്ടായ്മയിലൂടെ പിരഹരിച്ചു കൊണ്ട് സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യാൻ അവരുടെ പ്രാപ്തി വർദ്ധിക്കുകയും സംഘം സാവധാനം സ്വാശ്രയത്വത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു.

സംഘാംഗങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്കായി അനുയോജ്യമായ ഒരു സൂക്ഷ്മസംരംഭം കണ്ടെത്തി അതിനായി മെച്ചപ്പെട്ട വായ്പാ സൗകര്യം ലഭ്യമാക്കുന്നതിന് ത്രിഫ്റ്റ് സംഘങ്ങളെ നബാർഡ്, രാഷ്ട്രീയ മഹിളാഘോഷ്, മറ്റ് ബാങ്കുകൾ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളുമായി ലിങ്ക് ചെയ്യാവുന്നതാണ്. സംഘത്തിന്റെ സമ്പാദ്യം ബാങ്കിൽ നിക്ഷേപിക്കുന്നതോടുകൂടി ബാങ്കുകളുമായുള്ള ബന്ധത്തിന് തുടക്കം കുറിക്കുന്നു. സംഘത്തിന്റെ ക്ഷേമം ബാങ്കിന്റെ കൂടി ഉത്തരവാദിത്തമാകുന്നതോടെ തുടർന്നുള്ള പ്രവർത്തനം, വളർച്ച, പുരോഗതി എന്നിവയിലൊക്കെ ബാങ്കുകൾ പങ്കാളികളാവുന്നു. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഈടു കൂടാതെ സംഘത്തിന് വായ്പ നൽകുകയും സംഘം അത് അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നു.



ലോക ബാങ്ക് പ്രതിനിധി ഡോ. മാരിയോ പെഡിനി ഐ.വി.എൽ.പി.യുടെ സ്വാശ്രയ സംഘങ്ങളോടൊപ്പം

കുറഞ്ഞത് ആറുമാസമെങ്കിലും ത്രിഫ്റ്റ്-ക്രെഡിറ്റ് സംഘങ്ങളായി പ്രവർത്തിച്ചു വരുന്ന സംഘങ്ങൾക്ക് സാമ്പത്തിക സഹായമായി തുടക്കത്തിൽ ലഘുനിക്ഷേപത്തിന്റെ രണ്ടിരട്ടി വരെ 'നബാർഡ്' വായ്പ നൽകും. ലഘുനിക്ഷേപങ്ങളുടെ വർദ്ധനവും കൃത്യമായ തിരിച്ചടവും പിന്നീട് ഈ സംഘങ്ങളെ ഒമ്പത് ഇരട്ടി വരെ വായ്പയ്ക്ക് അർഹരാക്കുന്നു. അതുപോലെ ലഘുനിക്ഷേപം തുടങ്ങി കുറഞ്ഞത് ഒരു വർഷമെങ്കിലും ആയിട്ടുള്ള സംഘങ്ങളെ രാഷ്ട്രീയ മഹിളാഘോഷിന്റെ വായ്പാ പ്രോത്സാഹന പദ്ധതിയ്ക്ക് പരിഗണിയ്ക്കും. ആറുമുതൽ പതിനഞ്ചുമാസം കൊണ്ടു തിരിച്ചടക്കാവുന്നതും ആളൊന്നിന് 5000 രൂപയോളം വരുന്നതുമായ ഹ്രസ്വകാല വായ്പകളും രണ്ടു മുതൽ അഞ്ചു വർഷം കൊണ്ട് തിരിച്ചടക്കാവുന്നതും ആളൊന്നിന് 7500 രൂപയോളം വരുന്നതുമായ ദീർഘകാലവായ്പകളും എട്ടു ശതമാനം പലിശനിരക്കിൽ 'രാഷ്ട്രീയ മഹിളാ ഘോഷ്' സ്വാശ്രയ സംഘങ്ങൾക്ക് നൽകുന്നു. അതുപോലെ തന്നെ മത്സ്യമേഖലയിലെ വനിതാ സ്വാശ്രയ സംഘങ്ങൾക്കായി സംസ്ഥാനസർക്കാരിന്റെ എസ്.ജി.എസ്.വൈ. അഥവാ "സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന" സ്കീമിൽ 50 ശതമാനം സബ്സിഡിയോടെ ആളൊന്നിന് 8800 രൂപാ പന്ത്രണ്ടര ശതമാനം പലിശനിരക്കിൽ അഞ്ചുവർഷത്തേക്ക് നൽകുന്ന സ്കീമും നിലവിലുണ്ട്. ഈ പദ്ധതികളെല്ലാം മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്വം കൂട്ടായ്മയിലൂടെ പ്രാവർത്തികമാക്കുന്നു.

കടലിൽ ജോലിക്കു പോകുന്ന പുരുഷന്മാർക്ക് പുതിയ തൊഴിലവസരം പ്രദാനം ചെയ്യുക എളുപ്പമല്ല. എന്നാൽ സ്ത്രീകൾക്ക് നല്ല നിലയിൽ നടത്താവുന്ന ഒട്ടനവധി മൈക്രോ-സംരംഭങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും. സാമാന്യവിദ്യാഭ്യാസത്തിന്റെ അഭാവവും, സാമ്പത്തികമായ പിന്നോക്കാവസ്ഥയും അഭിമുഖീകരിക്കുന്ന തീരദേശവനിതകളെ സ്വാശ്രയത്വത്തിലേക്ക് നയിക്കുന്നതിന് നിരന്തരമായ പരിശ്രമം ആവശ്യമാണ്. അതുകൊണ്ടു തന്നെ അവർക്ക് ഏറ്റവും അനുയോജ്യമായ സൂക്ഷ്മസംരംഭങ്ങൾ കണ്ടെത്തുന്നതിനും, വിജയിപ്പിക്കുന്നതിനും, വിദഗ്ദ്ധരുടെ ഭാഗത്തു നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങളും, നിരന്തരമായ സഹായവും അനുപേക്ഷണീയമാണ്. വ്യക്തിപരമായ സംരംഭങ്ങളെക്കാൾ ഗ്രൂപ്പു സംരംഭങ്ങൾക്കാണ് കൂടുതൽ പ്രോത്സാഹനം നല്കേണ്ടത്. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെയും നബാർഡിന്റെയും സ്വാശ്രയ സംഘങ്ങളും കുടുംബശ്രീയുടെ ഭാഗമായി രൂപംകൊണ്ട അയൽക്കൂട്ടങ്ങളുമെല്ലാം ഇപ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. "സ്ത്രീകളിലൂടെ കുടുംബങ്ങളിലേക്ക്, കുടുംബങ്ങളിലൂടെ സമൂഹത്തിലേക്ക്" എന്ന ആപ്തവാക്യത്തോടൊപ്പം സൂക്ഷ്മസംരംഭ വികസനത്തിലൂടെ പ്രാദേശിക വികസനം എന്ന കാഴ്ചപ്പാടും കൂട്ടിയിണക്കാനായാൽ തീരദേശവികസനം സുസാദ്ധ്യമാവുന്നു.

അതുകൊണ്ടുതന്നെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സ്ഥിര വരുമാനം നൽകാൻ കഴിവുള്ളതും പ്രാദേശിക സാദ്ധ്യതകളുള്ളതുമായ മേഖലകൾ കണ്ടെത്തി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പര്യാപ്തമായ സൂക്ഷ്മസംരംഭങ്ങൾ അഥവാ 'മൈക്രോ എന്റർപ്രൈസസ്' സഹകരണാടിസ്ഥാനത്തിൽ രൂപപ്പെടുത്താനുള്ള സംഘടിത ശ്രമങ്ങളാണ് വനിതാ സ്വാശ്രയസംഘങ്ങൾ ചെയ്യേണ്ടത്. വനിതാ ശാക്തീകരണം പ്രാവർത്തികമാക്കിക്കൊണ്ട് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തിന്റെ വികസനത്തിനായി പ്രാദേശിക വിഭവസാദ്ധ്യതകളെ മുൻനിർത്തി രൂപം കൊടുത്തിട്ടുള്ളതും അനുഭവങ്ങളിലൂടെ വിജയം ഉറപ്പുവരുത്തിയിട്ടുള്ളതുമായ ചില മൈക്രോ സംരംഭങ്ങളും കേരള സംസ്ഥാനത്തിന്റെ വിവിധ പ്രാദേശങ്ങളിൽ വനിതാ സ്വയം സഹായ സംഘങ്ങൾ വിജയപ്രദമായി നടപ്പിൽ വരുത്തിയിട്ടുള്ള ബദൽ തൊഴിലധിഷ്ഠിത സംരംഭങ്ങളും ഏതൊക്കെയെന്ന് പരിശോധിക്കേണ്ടത് അത്യാവശ്യമാണ്.

തീരദേശമേഖലയിൽ മൂല്യവർദ്ധിത മത്സ്യ ഉൽപന്നങ്ങളുടെ നിർമ്മാണം, ഉണക്കമത്സ്യ നിർമ്മാണ യൂണിറ്റ്, മത്സ്യ സംസ്കരണയൂണിറ്റ്, റെഡി റ്റു ഈറ്റ് മത്സ്യ ഉത്പന്നങ്ങൾ, റെഡി റ്റു കുക്ക് മത്സ്യ ഉത്പന്നങ്ങൾ, അലങ്കാര മത്സ്യകൃഷി, കല്ലുമ്മക്കായ കൃഷി, എരുന്ത് ശേഖരണം എന്നിവ പ്രാധാന്യമർഹിക്കുന്നു.

മത്സ്യാനുബന്ധമേഖലകളിൽ മരപ്പണിയൂനിറ്റ്, കൽപ്പണി യൂനിറ്റ്, സോപ്പ് നിർമ്മാണയൂനിറ്റ്, വസ്ത്രവ്യാപാരം, ഗാർമെന്റ് യൂനിറ്റ്, കമ്പ്യൂട്ടർ സെന്റർ, കോഴിവളർത്തൽ, കന്നുകാലിവളർത്തൽ, പന്നി വളർത്തൽ, തേനീച്ച വളർത്തൽ, തുന്നൽ വേലകൾ, കൈത്തറി നെയ്ത്ത്, പട്ടു നൂൽ പുഴു വളർത്തൽ, മെഴുകു തിരി നിർമ്മാണ യൂനിറ്റ്, ചോക്ക് നിർമ്മാണ യൂനിറ്റ്, കുട നിർമ്മാണ യൂനിറ്റ്, ഫോം മെത്ത നിർമ്മാണയൂനിറ്റ്, മുളകൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവയും സ്ത്രീ സ്വാശ്രയ സംഘങ്ങൾ നടപ്പിലാക്കിയ ബദൽ തൊഴിലധിഷ്ഠിത സംരംഭങ്ങളാണ്.

കാർഷിക മേഖലയിൽ പച്ചക്കറികൃഷി, ഉദ്യാന നിർമ്മാണം, പുഷ്പകൃഷി, അടുക്കളത്തോട്ട നിർമ്മാണം, ഫലവൃക്ഷത്തോട്ട നിർമ്മാണം, പഴം ഉൽപ്പന്നങ്ങളുടെ ഉത്പാദനം, പഴ സംസ്കരണ യൂനിറ്റ്, ബേക്കറി യൂനിറ്റ്, പലഹാര നിർമ്മാണ യൂനിറ്റ്, കാറ്ററിംഗ് യൂനിറ്റ്, ധാന്യങ്ങൾ പൊടിച്ചു വില്പന തുടങ്ങിയവയും വനിതാ സ്വാശ്രയ സംഘങ്ങൾ നടപ്പിൽ വരുത്തിയ തൊഴിലധിഷ്ഠിത സംരംഭങ്ങളാണ്.

സ്ത്രീകളും പുരുഷന്മാരും അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ള മറ്റു മൈക്രോസംരംഭങ്ങൾ ഇവയാണ്. ആക്രിക്കച്ചവടം, പേപ്പർ കവർ, പച്ചക്കറി വിത്തു വിൽപന, കൂൺ കൃഷി, ആതുരസേവന ശുശ്രൂഷ, മാര്യേജ് ബ്യൂറോ, ഔഷധ ശേഖരണം, റിയൽ എസ്റ്റേറ്റ്, ഔഷധ സംസ്ക്കരണം, ഔഷധ സസ്യ കൃഷി, ഡയറക്ട് മാർക്കറ്റിംഗ്, ചകിരി ബ്രഷ്, പ്ലാസ്റ്റിക്ക് നെയ്ത്ത്, അവലോസുപൊടി, സെക്കന്റ് സെയിൽ, ഇറച്ചിമസാല, പുരാവസ്തു വിൽപന, രസപ്പൊടി, ഉപഭോക്തൃ സേവനകേന്ദ്രങ്ങൾ, അച്ചാർപൊടി, ഗാർഹിക വിപണനം, സാമ്പാർപൊടി, വഴി വാണിഭം, ഹോം ഡെലിവറി പാക്കേജ്. നവധാന്യപ്പൊടി, റീപാക്കിംഗ് ബിസിനസ്സ്, ക്ലീനിംഗ് പൗഡർ, കറിപൗഡർ യൂനിറ്റ്, ഫിനോയിൽ ലോഷൻ, സ്ക്രീൻ പ്രിന്റിംഗ്, ലിക്വിഡ് സോപ്പ്, കുഞ്ഞുടുപ്പ് നിർമ്മാണം, ടോയ്ലറ്റ് സോപ്പ്, വാഷിംഗ് സോപ്പ്, ഫോട്ടോസ്റ്റാറ്റ്, കപ്പലണ്ടി മിഠായി, ഇടത്തരം വാഷിംഗ് പൗഡർ, മേൽത്തരം വാഷിംഗ് പൗഡർ, ഉരക്കടലാസ്, മണ്ണിര കമ്പോസ്റ്റ്, വളർത്തു മൃഗങ്ങൾ, നഴ്സറി ചെടികൾ, നോട്ട് ബുക്ക്, ബുക്ക് ബയിന്റിംഗ്, റബ്ബർ ചെരുപ്പ് നിർമ്മാണം, തലയിണ കുഷ്യൻ, ചന്ദനത്തിരി നിർമ്മാണം, തുള്ളിനീലം, യൂക്കാലിപ്റ്റസ് ഓയിൽ, കളിപ്പാവ, ഹാൻഡ്ഷാംപൂ, സോപ്പ് ഷാമ്പൂ, ഡിറ്റർജന്റ് ഷാമ്പൂ, ചക്കവരട്ടി, ചിപ്സ്, ഹോട്ടൽ, തട്ടുകട, കാറ്ററിംഗ് സർവ്വീസ്, മുന്തിരിവൈൻ, പൈനാപ്പിൾ വൈൻ, ശീതള പാനീയങ്ങൾ, നാടൻ കോഴി-ഇറച്ചിക്കോഴി വളർത്തൽ, കൊണ്ടാട്ടം-വറ്റൽ, മാങ്ങാ-വറ്റൽ, പച്ചമുളക്-വറ്റൽ, നെല്ലിക്കാ വൈൻ, ഇഞ്ചി വൈൻ, പപ്പടം, തക്കാളി സോസ്, പകൽ പരിപാലനം, തേങ്ങാവെള്ള വിനാഗിരി, കൃത്രിമ വിനാഗിരി, സിറപ്പുകൾ, മിക്സഡ് ഫ്രൂട്ട് ജാം, മിൽക്ക് ചോക്കലേറ്റ്, തക്കാളി സ്ക്വാഷ്, പശ നിർമ്മാണം, ക്ലീനിംഗ് ലോഷൻ, ശീതള പാനീയക്കട, വായനശാല, സ്വകാര്യട്യൂഷൻ, കൗൺസിലിംഗ് - ഗൈഡൻസ്, സാഹിത്യസേവനം, വാടക കച്ചവടം, പേയിംഗ് ഗസ്റ്റ് സേവനം, റിപ്പയറിംഗ് സെന്റർ, കരകൗശല വേലകൾ എന്നീ സ്വയം തൊഴിലുകൾ കേരളത്തിലുടനീളം സ്വാശ്രയസംഘങ്ങൾ പ്രാവർത്തികമാക്കിയിട്ടുള്ള സംരംഭങ്ങളാണ്.

ഇത്തരം സ്വയം തൊഴിലുകൾ നടപ്പിൽ വരുത്താൻ സ്വാശ്രയ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പ്രധാന സ്ഥാപനങ്ങൾ ഖാദി ഗ്രാമ വ്യവസായ ബോർഡ്, വ്യവസായ വാണിജ്യ

വകുപ്പ്, ജവഹർ റോസ്ഗാർ യോജന, വനിതാ വ്യവസായ സഹകരണ സംഘങ്ങൾ, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്, കേരള ഫിനാൻഷ്യൽ കോർപറേഷൻ, ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക്, വ്യാവസായിക വികസന ബാങ്ക്, കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ, ജില്ലാ ഗ്രാമവികസന ഏജൻസി, മറ്റ് സന്നദ്ധ സംഘടനകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ തുടങ്ങിയവ തന്നെ.

ഒരു സാധാരണ സംഘം നല്ല ഒരു സ്വാശ്രയ സംഘമായി രൂപപ്പെടണമെങ്കിൽ സാധാരണഗതിയിൽ 36 മാസങ്ങൾ (3 വർഷങ്ങൾ) എങ്കിലും വേണ്ടിവരുമെന്ന് അനുഭവങ്ങളും പഠനങ്ങളും വ്യക്തമാക്കുന്നു. ഈ കാലയളവിനുള്ളിൽ 4 മാസങ്ങൾ വരെ ഗ്രൂപ്പ് രൂപീകരണ കാലഘട്ടം, 15 മാസങ്ങൾ വരെ ഗ്രൂപ്പ് നിലനിർത്തൽ കാലഘട്ടം, 36 മാസങ്ങൾ വരെ സ്വയം സഹായ കാലഘട്ടം എന്നിങ്ങനെ മൂന്നവസ്ഥകളിൽ കൂടി സംഘം കടന്നു പോവുമ്പോൾ സ്വാശ്രയത്വത്തിലൂടെ സമൃദ്ധിയിലേക്ക് നയിക്കപ്പെടുന്നുവെന്ന് സ്വയം സഹായ സംഘങ്ങളിൽ അധിഷ്ഠിതമായ സാമൂഹ്യ ഗവേഷണ പഠനങ്ങൾ സൂചിപ്പിക്കുന്നു.

തീരദേശ വനിതാ ശാക്തീകരണം സ്വാശ്രയ സംഘങ്ങളിലൂടെ പ്രാവർത്തികമാവുമ്പോഴുണ്ടാവുന്ന അനന്തരഫലങ്ങൾ പരിശോധിച്ചാൽ ചില സുപ്രധാനകാര്യങ്ങൾ വ്യക്തമാവും.

- ശാക്തീകരിക്കപ്പെട്ട സ്ത്രീസ്വാശ്രയ സംഘങ്ങൾ സ്വന്തം സമ്പാദ്യത്തോടൊപ്പം ബാങ്ക് വായ്പകൾ കൂടിയെടുത്ത് സംഘംഗങ്ങളെ സഹായിക്കുന്ന രീതിയിലുള്ള ലഘുസമ്പാദ്യ വായ്പാ പരിപാടികൾ നടപ്പിലാക്കുന്നതിനു പുറമേ അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ കൂടി നടത്തി വരുന്നത് കൊണ്ട് അതിലൂടെ വരുമാനം നേടി സ്വന്തം കാലിൽ നിൽക്കാൻ മത്സ്യത്തൊഴിലാളി സ്ത്രീകളെ പ്രാപ്തരാക്കുന്നു.
- ആഴ്ചയിലൊരിക്കൽ കൂടുന്ന യോഗങ്ങളിൽ സംഘാംഗങ്ങൾ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അവയുടെ പരിഹാരം കൂട്ടായ്മയോടെ നിർവ്വഹിക്കുകുയം ചെയ്യുന്നത് കൊണ്ട് തികഞ്ഞ സുരക്ഷിതത്വ ബോധവും ഒറ്റക്കെട്ടായി നിൽക്കുമ്പോഴുള്ള മാനസികാരോഗ്യവും സഹവർത്തിത്വത്തിലൂടെ സാധിക്കുന്നു.
- കുടുംബഭദ്രതയിൽ പ്രകടമായ സ്വാധീനം ചെലുത്താൻ സ്ത്രീകളുടെ സമ്പാദ്യത്തിനു കഴിയും. സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം കുടുംബത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുമെന്ന ആത്മവിശ്വാസം ഈ സ്വയം സഹായ സംഘങ്ങൾ വഴി വളർത്തിയെടുക്കാൻ സാധിക്കും.
- സംഘങ്ങളുടെ പ്രവർത്തനഫലമായി ഗ്രാമസഭകളിലും പ്രാദേശിക ആസൂത്രണ വികസന പ്രവർത്തനങ്ങളിലും സ്ത്രീപങ്കാളിത്തം വർദ്ധിക്കുന്നതോടെ ഈ രംഗങ്ങളിൽ സ്ത്രീകളുടെ അവബോധം പുരോഗമിക്കാനിടവരുന്നു.
- ആഴ്ചതോറും സ്വാശ്രയസംഘങ്ങൾ യോഗം ചേരുന്നതിനാൽ അതത് പ്രദേശത്തെ ഗുണഭോക്താക്കളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാകുന്നതിനും ഗുണഭോക്തൃതെരഞ്ഞെടുപ്പ് സുതാര്യമാക്കുന്നതിനും സാധിക്കുന്നു.
- ഗുണഭോക്താവിന് അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ നിർദ്ദിഷ്ട പരിപാടിയ്ക്ക് വേണ്ടി പ്രയോജനപ്പെടുത്താൻ പ്രേരണ ചെലുത്താൻ സംഘങ്ങൾക്ക് കഴിയുന്നു.
- മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹ്യബോധ നിലവാരത്തിൽ ഗണ്യമായ മാറ്റം വരുത്താൻ സ്വാശ്രയസംഘങ്ങൾ വഴി സാധിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയിലേക്കും മറ്റും വനിതാ സംഘങ്ങൾ കൈയയച്ച് സംഭാവന നല്കിത്തുടങ്ങിയത് ശാക്തീകരണ പ്രക്രിയ വഴിതെളിച്ച മാറ്റങ്ങൾക്ക് ഉദാഹരണമാണ്.
- ജാതിമതചിന്തകൾ വെടിഞ്ഞ് വിശേഷദിന

ങ്ങൾ ആചരിച്ചും, സാംസ്കാരിക നായകന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുപരിപാടികൾ നടത്തിയും, കലാകായിക മത്സരങ്ങളും സാക്ഷരതാ ക്ലാസ്സുകളും സംഘടിപ്പിച്ചും സ്ത്രീസ്വാശ്രയസംഘങ്ങൾ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിത്തുടങ്ങിയത് സ്ത്രീശാക്തീകരണത്തിലൂടെ ഉരുത്തിരിഞ്ഞ സാമൂഹിക പ്രതിബദ്ധതയ്ക്ക് ഉത്തമ ഉദാഹരണമാണ്.

- കൂട്ടായ്മയുടെ പ്രതീകമായ ഈ വനിതാസംഘങ്ങൾക്ക് വീട്ടുമുറ്റത്തെ ബാങ്കായും ആപത്തിൽ രക്ഷയ്ക്കെത്തുന്ന മിത്രമായും അമിത പലിശയിൽ നിന്നുള്ള സംരക്ഷകനായും ഒക്കെ പ്രവർത്തിക്കാൻ കഴിയുന്നതിനാൽ സ്ത്രീകൾക്ക് വികസന പ്രവർത്തനങ്ങളിൽ തുല്യപങ്കാളിത്തം വഹിച്ചുകൊണ്ട് സാമ്പത്തിക സ്വാശ്രയത്വത്തിലേക്ക് മുന്നേറാൻ സഹായകമാവുന്നു.

ഇപ്രകാരം സുദൃഢമായ നിയമസംഹിതകളോടെ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് രൂപപ്പെട്ട തീരദേശവനിതകളുടെ പരസ്പര സഹായസംഘങ്ങളുടെ ലഘു നിക്ഷേപ സമാഹരണത്തെ അടിസ്ഥാനമാക്കി ബാങ്ക് വായ്പകളിലൂടെയും മറ്റും ലഭ്യമായ സാമ്പത്തിക സഹായങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ വരുമാനവർദ്ധനവിനുതകുന്ന അനുയോജ്യമായ സൂക്ഷ്മസംരംഭങ്ങൾക്ക് സ്വയം മുന്നോട്ട് വരാനും കടക്കെണിയിൽ നിന്ന് സ്വയം മോചിതരാവാനും മത്സ്യത്തൊഴിലാളി സ്ത്രീകളെ പ്രാപ്തരാക്കുന്നു.

തീരദേശമേഖലയുടെ പൊതുപ്രശ്നങ്ങളായ നിരക്ഷരത, ശുദ്ധജല ദൗർലഭ്യം, അനാരോഗ്യം, പാർപ്പിടം തുടങ്ങിയവ കൂട്ടായ്മയോടെയും അർപ്പണ മനോഭാവത്തോടെയും പരിഹരിച്ചുകൊണ്ട് പ്രദേശിക സമ്പദ്ഘടന മെച്ചപ്പെടുത്താനും പങ്കാളിത്തത്തിൽ അധിഷ്ഠിതമായ സ്വയം സഹായ സംഘങ്ങളുടെ ശാക്തീകരണത്തിലൂടെ സമൃദ്ധിയിലേക്ക് മുന്നേറാനും തീരദേശ വനിതകൾക്ക് കഴിയും എന്ന് അനുഭവങ്ങളുടെ വെളിച്ചത്തിൽ നിസ്സംശയം പറയാം.

